**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 888** **24-02-2022 - ൽ മറുപടിയ്ക്ക്**

**വന പുന:സ്ഥാപന നയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ** | | **Shri. A. K. Saseendran**<br>**(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | പ്രകൃതി ദുരന്ത സാധ്യതാ പ്രദേശങ്ങളും വന്യജീവി വഴിത്താരകളും ഏറ്റെടുത്ത് സ്വാഭാവിക വനം ആക്കി മാറ്റുവാനുള്ള വന പുന:സ്ഥാപന നയരേഖയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ടോ; | (എ) | സ്വാഭാവിക വനങ്ങളുടെ പുന:സ്ഥാപനത്തിനായി നയരേഖ സർക്കാർ ഉത്തരവ് (കൈ)നം. 29/2021/ വനം തീയതി 17.12.2021 പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത നയരേഖയിലെ പ്രധാന നിർദ്ദേശങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (ബി) | പ്രസ്തുത നയരേഖയിലെ പ്രധാന നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു. (a) ആധുനിക സാങ്കേതിക സംവിധാനം ഉപയോഗിച്ച് കാടിന്റെ അതിർത്തിനിർണ്ണയം പൂർത്തീകരിച്ച് ജണ്ടകൾ നിർമ്മിച്ച് സംരക്ഷിക്കുക; വനാതിർത്തികൾ ഡിജിറ്റൈസ് ചെയ്യുക. (b) നിലിൽക്കുന്ന വനങ്ങളുടെ ആരോഗ്യം വീണ്ടെടുക്കുന്നതും സർക്കാർ ഉടമസ്ഥതയിലുള്ള ശോഷിച്ച വനങ്ങളായ അക്കേഷ്യ, വാറ്റിൽ, യൂക്കാലി തോട്ടങ്ങൾ തുടങ്ങിയവയും മണ്ണ്-ജലസംരക്ഷണം എന്നിവ ലക്ഷ്യമാക്കി ഘട്ടം ഘട്ടമായി സ്വാഭാവിക വനങ്ങളാക്കി മാറ്റുക. (c) വനത്തിന്റെ ആവാസ വ്യവസ്ഥയെ അത്യധികം പ്രതികൂലമായി ബാധിക്കുന്ന സെന്ന, ലന്റാന, മൈക്കേനിയ തുടങ്ങിയ അധിനിവേശ സസ്യങ്ങളെ യുദ്ധകാലാടിസ്ഥാനത്തിൽ നീക്കം ചെയ്യുക. (d) തൊഴിലുറപ്പ് പദ്ധതിയുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി കാട്ടുതീ പ്രതിരോധം നടപ്പിലാക്കുക. (e) ചെറുകിട വനവിഭവങ്ങളുടെ ശാസ്ത്രീയ ശേഖരണവും മൂല്യവർദ്ധനവും ഉറപ്പുവരുത്തുക. (f) ജൈവവൈവിദ്ധ്യത്തിന്റെ തുരുത്തുകളായ കാവുകളുടെ സംരക്ഷണം ഉറപ്പുവരുത്തുക. (g) പാരിസ്ഥിതിക പ്രാധാന്യമുള്ള സ്വകാര്യ ഉടമസ്ഥതയിലുള്ള കണ്ടൽ കാട്ടുകൾ ഉടമസ്ഥരുടെ സമ്മതത്തോടെ അർഹമായ വില നൽകി ഏറ്റെടുക്കുക. (h) കേരളത്തിലെ പഞ്ചായത്തുകൾ "കാർബൺ ന്യൂട്രൽ" ആക്കുന്നതിനായി ആവശ്യമായ വൃക്ഷവൽക്കരണം നടപ്പാക്കുക. (i) കടൽക്ഷോഭത്തിൽ നിന്നും തീരപ്രദേശങ്ങളെ സംരക്ഷിക്കുന്നതിനായി |

| | | | |
|---|---|---|---|
| | | | അനുയോജ്യമായ സസ്യങ്ങൾ വച്ചുപിടിപ്പിച്ച് തീരവനം നിർമ്മിക്കുക. (j) നദികളുടെയും വനങ്ങളുടെയും റിസർവോയറുകളുടെയും വൃഷ്ടി പ്രദേശങ്ങളിൽ മണ്ണൊലിപ്പ് തടയുന്നതിനായി അനുയോജ്യമായ വൃക്ഷതൈകൾ പൊതുജന പങ്കാളിത്തത്തോടെ നട്ടുപിടിപ്പിക്കുക. (k) വിദ്യാലയങ്ങളിലും നഗരങ്ങളിലും മറ്റും ചെറുവനങ്ങൾ നട്ടുപിടിപ്പിക്കുക. (l) കാർബൺ ആഗീകരണം ലക്ഷ്യമാക്കി സ്വകാര്യഭൂമിയിൽ വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്നത് പ്രോത്സാഹിപ്പിക്കുക.. (m) പാരിസ്ഥിതിക സേവനങ്ങളുടെ വിലയിരുത്തലിന് ദീർഘകാലാടിസ്ഥാനത്തിലുള്ള ഗവേഷണ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക. (n) പാരിസ്ഥിതിക അവബോധം സൃഷ്ടിക്കുന്നതിന് അനുയോജ്യമായ കർമ്മപരിപാടികൾ നടപ്പിലാക്കുക. |
| (സി) | വന പുന:സ്ഥാപന പ്രവർത്തനങ്ങളുടെ ഭാഗമായി ഭൂമി ഏറ്റെടുക്കുന്നവർക്ക് നഷ്ടപരിഹാരം നൽകുവാൻ വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര രൂപ വരെയാണ് നഷ്ടപരിഹാരം അനുവദിക്കുന്നതെന്നും അവ നിർണ്ണ യിക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്നും വിശദമാക്കാമോ? | (സി) | വനത്തിന്റെ പാരിസ്ഥിതിക സേവനം കണക്കിലെടുത്തും, വന്യജീവി സംരക്ഷണം ഉറപ്പാക്കുന്നതിനും, മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുമായി വനത്താൽ ചുറ്റപ്പെട്ടതോ വനത്തോട് ചേർന്നു കിടക്കുന്നതോ ആയ പ്രദേശങ്ങളിലെ സ്വകാര്യ സ്ഥലങ്ങൾ/എസ്റ്റേറ്റുകൾ തുടങ്ങിയവയുടെ ഉടമസ്ഥരുടെ സമ്മതത്തോടു കൂടി അർഹമായ നഷ്ടപരിഹാരം നൽകി ഏറ്റെടുത്ത് പുനഃസ്ഥാപനം നടത്തുന്നതിനുള്ള നടപടികൾ ടി നയരേഖ വിഭാവനം ചെയ്യുന്നു. കൂടാതെ പാരിസ്ഥിതിക പ്രാധാന്യമുള്ള സ്വകാര്യ ഉടമസ്ഥതയിലുള്ള കണ്ടൽക്കാടുകൾ ഉടമസ്ഥരുടെ സമ്മതത്തോടെ അർഹമായ വില നൽകി ഏറ്റെടുക്കുന്നതും ടി നയരേഖ വിഭാവനം ചെയ്യുന്നു. ഇത് ഒരു നയരേഖ ആയതിനാൽ കൃത്യമായി എത്ര രൂപയാണ് നഷ്ടപരിഹാരം അനുവദിക്കുന്നതെന്നോ അവ നിർണ്ണയിക്കുന്നതിനുള്ള മാനദണ്ഡമോ ഇതിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയത് ടി നയം നടപ്പിലാക്കുന്ന മുറയ്ക്ക് നിലവിലെ നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ